പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾക്കും, കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി ടി പദ്ധതി നടപ്പാക്കുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിച്ചുവരുന്നുണ്ട്.

2. <u>ജനനി ജന്മരക്ഷാ പദ്ധതി:</u>

ഈ പദ്ധതിയിലൂടെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പ്രതിമാസം 1,000 രൂപ ധന സഹായം അനുവദിച്ചു വരുന്നു. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സ് പൂർത്തിയാക്കുന്നതുവരെ (പരമാവധി 18 മാസം) സഹായം ലഭിയ്ക്കുന്നു.

3. <u>സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം:</u>

ഈ പദ്ധതി പ്രകാരം അരിവാൾ രോഗികളായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രതിമാസം 1,000 രൂപ സമാശ്വാസ ധന സഹായമായി നൽകിയിരുന്നത് ജനുവരി 2016 മുതൽ 2,000 രൂപയായി ഉയർത്തി അനുവദിച്ചു നൽകി വരുന്നു.

കുന്ദമംഗലത്ത് പ്രീ-മെട്രിക് ഹോസ്റ്റൽ

282 (669) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് അനുവദിച്ച പ്രീ-മെട്രിക് ഹോസ്റ്റലിന്റെ പ്രവൃത്തി ഏതു ഘട്ടം വരെയെത്തി; വിശദമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ എന്ന് വിദ്യാർത്ഥികൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

(ബി) കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായശേഷം മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉടൻ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് തുറന്ന് കൊടുക്കുന്നതാണ്.

പട്ടികവർഗ്ഗ ക്ഷേമവകുപ്പ് ചടയമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

283 (670) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2015 ഡിസംബർ മാസം വരെ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന ചടയമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1. ചടയമംഗലത്തിൽ ഉൾപ്പെട്ട ഇടപ്പണ്ണ, വഞ്ചിയോട്, കൊച്ചരിപ്പ എന്നീ പട്ടികവർഗ്ഗ കോളനികളിൽ 2012-13 വർഷം എസ്.സി.എ.റ്റു., റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി റബ്ബർ കൃഷി, ഏത്തവാഴ കൃഷി, വനിതകൾക്ക് സ്വയം തൊഴിൽ നടത്തുന്നതിലേയ്ക്ക് പശു വിതരണം, കിടാരി വിതരണം എന്നിവയ്ക്കുള്ള സഹായം നല്കി.

2. വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കാലയളവിൽ 34 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകി.

(ബി) എസ്.സി.എ.റ്റു., റ്റി.എസ്.പി പദ്ധതി നടപ്പിലാക്കുന്നതിനായി 14 ലക്ഷം രൂപയും ഭവനനിർമ്മാണ പദ്ധതികൾക്കായി ആകെ 68,97,500 രൂപ ടി കാലയളവിൽ അനുവദിച്ചു നൽകി.